# പത്തായപ്പുര:
# പ്രാദേശികതയും അധികാരരൂപങ്ങളും

**ജോർജ് ആന്റണി**
ഗവേഷകൻ
സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.

**ഡോ. രാജേഷ് കോമത്ത്**
അസോസിയേറ്റ് പ്രൊഫസർ
സ്കൂൾ ഓഫ് സോഷ്യൽ സയൻസസ്
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം.

**പ്രബന്ധസംഗ്രഹം**

വടക്കേമലബാറിലെ സാമൂഹിക അധികാരരൂപങ്ങളെ കുറിച്ച് വിവിധ തലങ്ങളിൽ ചരിത്രപരമായ അന്വേഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും തറവാട് എന്ന സാമൂഹിക സ്ഥാപനത്തിൽ പത്തായപ്പുര എന്ന പ്രാദേശിക ഭരണസംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു എന്നും അത് ഏതെല്ലാം ജനവിഭാഗങ്ങളെ, ആചാരങ്ങളെ, കാർഷിക ഭൂവുടമാബന്ധങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നുള്ള പരിശോധന തീർത്തും പരിമിതമാണ്. ഇത്തരം പ്രാദേശികകേന്ദ്രങ്ങൾ നടത്തുന്ന അധികാരപ്രയോഗങ്ങൾ അനുഷ്ഠാന രൂപങ്ങളിലും ആചാരരീതികളിലും തദ്ദേശവാസികളിലും എങ്ങനെ അധീശത്വപരമായി പ്രവർത്തിക്കുന്നു എന്നത് മിഷേൽ ഫൂക്കോയുടെ പ്രാക്ടീസ് എന്ന സങ്കൽപ്പനത്തിലൂടെ ഇവിടെ പരിശോധിക്കുന്നു.

**സൂത്രവാക്കുകൾ**

പത്തായപ്പുര, തറവാട്, പ്രയോഗം, ഇടം, അധികാരം.

**പ്രാ**ദേശികചരിത്രരചന ഓരോ ദേശത്തിന്റെയും കാഴ്ചകളുടെ അനുഭവത്തിൽനിന്ന് രൂപപ്പെടുന്നതാണ്. ഈ കാഴ്ച

കൾ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, കലകൾ, പ്രതിരോധങ്ങൾ, അനുഭവങ്ങൾ തുടങ്ങിയ സമ്മിശ്രധാരകളായാണ് കടന്നുവരുന്നത്. ഇത് ആധുനികകാലഘട്ടത്തിലേക്കും ഒരു പ്രദേശത്തിന്റെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ബന്ധങ്ങളുടെ നേർകാഴ്ചകളിലേക്കും വെളിച്ചം വീശുന്നു. ഇത്തരം കാഴ്ചകൾ പരിശോധിക്കുമ്പോഴാണ് ചരിത്രപരമായി ഒരു സമൂഹം എങ്ങനെ നിലനിന്നിരുന്നെന്നും ആധുനികസമൂഹത്തിൽ എത്ര മാത്രം സ്വാധീനം ചെലുത്തുന്നു എന്നും എങ്ങനെയാണ് അവ സാമൂഹികമായി അധികാരബന്ധങ്ങൾ നിലനിർത്തുന്നത് എന്നും കാണാനാവുക. ഈ പശ്ചാത്തലത്തിലാണ് കാസർകോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലുൾപ്പെട്ട പടിഞ്ഞാറെ എളേരിയിലെ 'പറമ്പ' എന്ന പ്രദേശത്തെ മുൻനിർത്തിയുള്ള ഒരു പ്രാദേശികചരിത്രാഖ്യാനം എങ്ങനെ സാധ്യമാകും എന്ന് പരിശോധിക്കുന്നത്. പറമ്പയിലെ ഭൂതകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പത്തായപ്പുരയും അതിനോടനുബന്ധിച്ചുള്ള സാമൂഹിക ജീവിതാനുഭവങ്ങളും അനുഷ്ഠാനങ്ങളും എങ്ങനെയാണ് 'തറവാട്' എന്ന സാമൂഹികസ്ഥാപനത്തെ നിർമിക്കുവാൻ സഹായിക്കുന്നത് എന്ന് പരിശോധിക്കുകയാണ് ഈ ലേഖനം.

ആധുനിക ചരിത്രരചനാസംവിധാനത്തിൽ പ്രാദേശിക ചരിത്രത്തിന് മുഖ്യമായ ഒരിടം കിട്ടിയത് വ്യവസായവത്ക്കരണത്തെത്തുടർന്നാണ്. വ്യവസായവത്ക്കരണത്തെത്തുടർന്ന് സാധാരണ ജനത്തിന്റെ ജീവിതോപാധികളിലുണ്ടായ മാറ്റങ്ങളും സംസ്കാരികജീവിതത്തിന്റെ തകർച്ചയുമാണ് പ്രാദേശികചരിത്രത്തിന് പ്രാധാന്യം ലഭിക്കാൻ കാരണം. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടിയാണ് പ്രാദേശികചരിത്രരചന, രീതിശാസ്ത്രത്തിന്റെ പിൻബലത്തോടെ മുഖ്യധാരയിലേക്ക് കടന്നുവരുന്നത്. പ്രാദേശികചരിത്രം ജനജീവിതത്തിന്റെ ചരിത്രമാണ്. പ്രദേശങ്ങൾ രൂപപ്പെടുന്നത് പ്രകൃതിയും മനുഷ്യനുമായുള്ള പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. ഓരോ പ്രദേശവും ഒരു ആവാസവ്യവസ്ഥയുടെയോ വിഭവസമാഹരണത്തിന്റെ രൂപത്തിലോ ഉൽപ്പാദനവിതരണ രൂപങ്ങളുടെയോ സാസ്കാരികതലങ്ങളുടെയോ സൂചകങ്ങളാണ്. ബൃഹദ്ചരിത്രാഖ്യാനങ്ങളോട് താരതമ്യം ചെയ്യുമ്പോൾ പ്രാദേശികചരിത്രരചനയിൽ

നിയതമായ ഉപാദാനങ്ങൾ തുലോം കുറവാണ്. പ്രാദേശികചരിത്രരചനയുടെ ഉപാദാനങ്ങളായി കൂടുതൽ ആശ്രയിക്കുന്നത് ഓർമകളെയാണ്. സാമൂഹ്യമായ ഓർമ എന്നത് ചരിത്രരചനയുടെ ഭാഗമാണ്. വ്യത്യസ്തവും വൈരുധ്യാത്മകവുമായ ഓർമകൾ ഇഴചേർക്കപ്പെടുമ്പോഴാണ് ചരിത്രരചന സാധ്യമാകുക. ഇത്തരം ഓർമകൾ കടന്നുവരുന്നത് ചുറ്റുപാടുകളുടെ മാറ്റങ്ങളെക്കുറിച്ച് പറയുമ്പോഴാണ്.

വടക്കേ മലബാറിൽ സാമൂഹിക അധികാരരൂപങ്ങളെകുറിച്ച് വിവിധതലങ്ങളിൽ ചരിത്രപരമായ അന്വേഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും, തറവാട് എന്ന സാമൂഹികസ്ഥാപനത്തിൽ 'പത്തായപ്പുര' എന്ന പ്രാദേശികഭരണസംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു എന്നും അത് ഏതെല്ലാം രീതിയിൽ ജനവിഭാഗങ്ങളെ, ആചാരങ്ങളെ, കാർഷികഭൂവുടമാബന്ധങ്ങളെയൊക്കെ കൈകാര്യം ചെയ്യുന്നു എന്ന പരിശോധന തീർത്തും പരിമിതമാണ്. ഇത്തരം പ്രാദേശിക കേന്ദ്രങ്ങൾ നടത്തുന്ന അധികാര പ്രയോഗങ്ങൾ അനുഷ്ഠാനരൂപങ്ങളിലും ആചാരരീതികളിലും തദ്ദേശവാസികളിലും എങ്ങനെ അധീശത്വപരമായി പ്രവർത്തിക്കുന്നു എന്ന് ഇവിടെ പരിശോധിക്കുന്നു.

പ്രാദേശികചരിത്രത്തിന്റെ ഇടം പ്രാദേശിക ആവാസവ്യവസ്ഥകളും അവയുടെ നിലനിൽപ്പിനായുള്ള വിഭവങ്ങളും രൂപപ്പെടുന്ന സ്ഥലമാണ്. ആവാസവ്യവസ്ഥ നിലനിൽക്കുന്ന സ്ഥലം പ്രാദേശികചരിത്രത്തിന്റെ കേന്ദ്രസ്ഥാനമാണ്. പത്തായപ്പുരയെന്ന പ്രാദേശികയിടം പറമ്പയെന്ന പ്രദേശത്ത് ഏതൊക്കെ തരത്തിലാണ് അധികാരപ്രയോഗം നടത്തിയതെന്നും പ്രസ്തുത അധികാരബന്ധങ്ങൾ എങ്ങനെയാണ് പറമ്പപ്രദേശത്ത് കേന്ദ്രീകരിച്ചത് എന്നതിന്റെയും സാമൂഹികവശമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഗ്രാമങ്ങളിൽ ജന്മിക്ക് ഒന്നും രണ്ടും പത്തായപ്പുരകൾ കാണാം, ഏച്ചിക്കാനത്തിലാണെങ്കിൽ വിവിധഗ്രാമങ്ങളിലായി പതിനാറ് പത്തായപ്പുരകൾ ഉണ്ടായിരുന്നു. തൃക്കരിപ്പൂർ, പീലിക്കോട്, പള്ളിക്കര, പറപ്പചാല്, പടിഞ്ഞാറ് എളേരി, പറമ്പ, വെള്ളച്ചേരി, കാരക്കോട്, കളങ്ങാട്, ഏച്ചിക്കാനം, തീയർപ്പാലം, കുണ്ടേന, ബന്തടുക്ക, കുളം, കാഞ്ഞങ്ങാട്, അതിയാനൂര് എന്നീ സ്ഥലങ്ങളിലാണ് അവ നിലനിന്നത്.

പത്തായപ്പുര ധാന്യസൂക്ഷിപ്പുകേന്ദ്രങ്ങൾ മാത്രമായിരുന്നില്ല, ഭരണകേന്ദ്രങ്ങൾ കൂടിയായിരുന്നു. പത്തായപ്പുരയിൽ ജന്മി അവിടെയുണ്ടെങ്കിലും ഇല്ലെങ്കിലും അതുവഴിപോകുന്ന അടിയാന്മാർ അനുഷ്ഠിക്കേണ്ട ചില ആചാരങ്ങൾ ഉണ്ട്. കൈയിൽ ശീലക്കുടയുണ്ടെങ്കിൽ അത് പൂട്ടണം, ചുമലിൽ നിന്ന് രണ്ടാംമുണ്ടെടുത്ത് ചുരുട്ടി കക്ഷത്തിൽ വയ്ക്കണം. ചെരിപ്പ് ഉണ്ടെങ്കിൽ അതെടുത്ത് കൈയിൽ പിടിക്കണം. തലനിവർത്തിപ്പിടിച്ച് നടക്കാൻ പാടില്ല ഇതൊക്കെ അലിഖിത നിയമങ്ങളാണ്. ഇത് അനുസരിച്ചില്ലെങ്കിൽ കടുത്ത ശിക്ഷയായിരിക്കും ഫലം. സിവിലും ക്രിമിനലുമായി എല്ലാകേസുകളും പത്തായപ്പുരയിൽവച്ചാണ് വിചാരണ ചെയ്യുന്നത്. ജന്മിയുടെ ഇഷ്ടത്തിനനുസരിച്ചായിരിക്കും വിചാരണയും ശിക്ഷയും. ന്യായാന്യായങ്ങൾ നോക്കി ശിക്ഷിക്കുക വളരെ അപൂർവമാണ്. ജന്മിയുടെ താത്പര്യമാണ് പ്രധാനം. ഒരു പണം (25 പൈസ) തുടങ്ങി 101 പണം വരെയാണ് ശിക്ഷ വിധിക്കാറ്. ക്രിമിനൽ കേസിൽ അധികവും മർദ്ദനമായിരിക്കും. മർദ്ദനം പലപ്പോഴും ക്രൂരമായ രീതിയിലാണ്. പത്തായത്തിലിട്ട് അടച്ച് മുളക് കത്തിച്ച് പുകയിടുക. പിന്നിൽ കൈകെട്ടി കണ്ണിൽ കടുമാങ്ങാനീര് ഒഴിക്കുക. കരിക്ക് കൊണ്ട് പുറത്ത് ഇടിക്കുക, ചാണകവെള്ളം കുടിപ്പിക്കുക, തുടങ്ങിയ ശിക്ഷകൾ വിധിക്കാറുണ്ട് (കെ. മാധവൻ).

മറ്റൊരുതരത്തിൽ പറഞ്ഞാൽ, പത്തായപ്പുരകൾ നെല്ല് അളന്ന് കൂട്ടിയിട്ടിരിക്കുന്ന ഇടം മാത്രമല്ല, പത്തായപ്പുര എന്നത് തറവാട് എന്ന സ്ഥാപനത്തെ നിർമിച്ച് എടുക്കുന്നതിന്റെ നിർണായകശക്തിയാകുന്നത് എങ്ങനെയെന്ന് പരിചയപ്പെടുത്താനുതകുന്നതാണ് മുകളിൽ പറഞ്ഞിരിക്കുന്ന ഉദ്ധരണി. പത്തായപ്പുരയുടെ കീഴിൽ പലതരത്തിലുള്ള സാമൂഹിക അധികാരങ്ങളിലൂടെയും ആചാരനുഷ്ഠാനങ്ങളിലൂടെയും ആവിർഭവിച്ച പ്രയോഗങ്ങളിലൂടെയാണ് (practices) ഈ സ്ഥാപനത്തിന്റെ നിർമിതി സാധ്യമായത്. മിഷേൽ ഫൂക്കോയുടെ വ്യവഹാരിക മണ്ഡലത്തിൽ 'പ്രാക്റ്റീസ്'' എന്ന സങ്കല്പനത്തിന്റെ രീതിശാസ്ത്ര നിബന്ധനയിൽ പത്തായപ്പുര എങ്ങനെ പ്രവർത്തിക്കുന്നു, ആരൊക്കെ പ്രവർത്തിപ്പിക്കുന്നു എന്ന് പരിശോധിക്കുവാൻ സാധിക്കും.

തറവാട് എന്ന അധികാരകേന്ദ്രത്തിന്റെ ഏറ്റവും വലിയ ന്യൂക്ലിയസ് ആയിട്ടാണ് പത്തായപ്പുരകൾ പ്രവർത്തിക്കുന്നത്. അതായത്, ഭൂമി ആർക്ക് കൃഷിചെയ്യാൻ കൊടുക്കണം, എന്ത് കൃഷിചെയ്യണം, എവിടെ കൃഷിചെയ്യണം, ജാതി, ആചാരമര്യാദകൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവ എങ്ങനെ പാരിപാലിക്കണം ഇവ തറവാടിനനുകൂലമായി എങ്ങനെ നടപ്പാക്കണം എന്നൊക്കെയുള്ളത് പത്തായപ്പുരയുടെ കടമകളായിമാറുന്നു. അതായത് ക്ലാസ് മുറിയിലെ വിദ്യാർഥികളുടെ പ്രകടനങ്ങൾ, അവതരണങ്ങൾ, പ്രവൃത്തികൾ തുടങ്ങിയവ അധ്യാപകർ പരിശോധിക്കുന്നത് പാഠ്യരചനയുടെ മാനദണ്ഡത്തിലാണ്. ഇത് ഓരോ വിദ്യാർഥിയുടെയും പെരുമാറ്റരീതിയെ സ്വാധീനിക്കുന്നു. അതുകൊണ്ടാണ് അക്കാദമിക് മാനുസ്ക്രിപ്റ്റ് ശിക്ഷണപരമായ ഒരു ഉപകരണമായി മാറുന്നത്. ഇതേരൂപത്തിലാണ് പത്തായപ്പുരകൾ തറവാടിനുവേണ്ടി പ്രവർത്തിക്കുന്നത്. ഇവിടെ പത്തായപ്പുര object of Tharavadu ആകുമ്പോൾ തന്നെ പത്തായപ്പുര make other subject ആക്കുന്നു. ഇതിന്റെ ഫലമായി തറവാടിന്റെ അധികാര കേന്ദ്രമായിമാറുന്ന പത്തായപ്പുര എല്ലാവിധത്തിലുള്ള ജാതിവിഭാഗങ്ങളെയും നിയന്ത്രിക്കുവാനും ആചാരാനുഷ്ഠാനങ്ങളുടെ മേൽക്കൊയ്മയുടെ സ്ഥാനമലങ്കരിക്കുവാനും കാർഷിക ഭൂവുടമാബന്ധങ്ങളെ നിയന്ത്രിക്കുവാനും തുടങ്ങുന്നു. ഇതിലൂടെ തറവാടിനെ വ്യക്തമായ സാമ്പത്തിക സാമൂഹിക ശക്തിയാക്കി മാറ്റുവാനും പത്തായപ്പുരയ്ക്ക് സാധിക്കുന്നു.

**പറമ്പ പത്തായപ്പുര**

പറമ്പ പ്രദേശത്തെ സാമൂഹിക അധികാരകേന്ദ്രമായ പത്തായപ്പുരയോടനുബന്ധിച്ച് പറമ്പയിലെ ഭൂതകാലാനുഭവങ്ങളുടെയും സംസ്കാരികമേൽക്കോയ്മയുടെയും ഫലമായി ഏച്ചിക്കാനം തറവാടിന്റെ സാമൂഹികാധികാരം ഊട്ടിയുറപ്പിക്കുന്നതിന്റെ സാമൂഹികമായ വശങ്ങൾ എന്തായിരുന്നുവെന്ന് വിശകലനം ചെയ്യുന്നു. പറമ്പയുടെ ചരിത്രത്തിൽ പത്തായപ്പുര എന്ന അധികാരക്കോയ്മ വിവിധഘട്ടങ്ങളിൽ സാമൂഹികാധീശത്വം എങ്ങനെ പ്രവർത്തിപ്പിച്ചു എന്ന പരിശോധനയ്ക്കാണ് ഇവിടെ വിധേയമാക്കുന്നത്. എന്നാൽ ഇതിന്റെ ഉത്ഭവത്തിന്റെ കാലം കൃത്യമാ

യി രേഖപ്പെടുത്തുകയെന്നത് ഈ ലേഖനത്തിന്റെ ലക്ഷ്യമല്ല. അതായത് പത്തായപ്പുര ആരംഭിച്ചതിന്റെ കഥയല്ല, അതിന്റെ അധികാരക്കോയ്മയുടെ നിർമിതി എങ്ങനെയാണെന്ന് പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. പറമ്പയെന്ന ഭൂപ്രദേശത്തിന്റെ സവിശേഷതകൾ വടക്കേമലബാറിൽ കാണുന്ന ചെങ്കൽ പ്പരപ്പും ചെമ്മൺപറമ്പും പുനങ്ങളും കാവുകളും പൊയിലുകളും പുഴകളുമൊക്കെത്തന്നെയാണ്. വടക്കൻ മലബാറിലെ കിഴക്കൻ മലയോരമേഖലയാൽ ചുറ്റപ്പെട്ടുകിടക്കുന്ന പറമ്പ ചെത്രുവാഹിനിപ്പുഴയുടെ തീരത്ത് നീണ്ടുനിവർന്നുകിടക്കുന്ന ചെറുകുന്നുകളോടുകൂടിയ പ്രദേശമാണ്. വിവിധ ജാതിമതവിഭാഗങ്ങൾ കൂടിക്കലർന്ന് ജീവിക്കുന്ന പറമ്പ പ്രദേശത്ത് മറ്റിടങ്ങളെ അപേക്ഷിച്ച് ജാതിയുടെ ശ്രേണീകരണത്തട്ട് വിഭിന്നമായ രീതിയിലാണ്.

വടക്കൻ മലബാറിലെ കുടിയേറ്റത്തിന്റെ ചരിത്രം പേറുന്ന ക്രിസ്ത്യൻ, മുസ്ലീം ജനവിഭാഗങ്ങളെപ്പോലെ മറ്റ് പ്രദേശങ്ങളിൽ നിന്നും കടന്നുവന്ന ജാതിവിഭാഗങ്ങളാണ് നമ്പ്യാര്, നായര്, മണിയാണി, തിയ്യർ, വാണിയർ തുടങ്ങിയവർ. ഈ പ്രദേശത്ത് തദ്ദേശവാസികളായി മാവിലർ, വേട്ടുവർ എന്നീ രണ്ടു വിഭാഗങ്ങളെ ഉണ്ടായിരുന്നുള്ളൂ. തദ്ദേശവാസികളുടെ ഓർമകൾ പങ്കിടുമ്പോൾ ഈ രണ്ടു വിഭാഗങ്ങളൊഴികെ മുകളിൽ പറഞ്ഞ ജനവിഭാഗങ്ങൾ കടന്നുവന്നവരാണ് എന്നും അവർ എങ്ങനെ തദ്ദേശീയരുടെമേൽ അധീശത്വം ചെലുത്തി എന്നും ഇവിടെ പരിശോധിക്കുന്നു.

ഈ ജനവിഭാഗങ്ങൾ കടന്നുവരുന്നതിനുമുമ്പുതന്നെ പറമ്പ ശ്രീകൃഷ്ണ ക്ഷേത്രവും അതിനോടു ചേർന്ന് നാമാവശേഷമായിത്തീർന്ന ഒരു സംസ്കൃതിയുടെ ഐതിഹ്യങ്ങളും പറമ്പയിൽ നിലനിൽക്കുന്നുണ്ട്. ഇതിന്റെ ചരിത്രാഖ്യാനം മറ്റൊരുവിഷയം ആകുന്നതുകൊണ്ട് പറമ്പ പത്തായപ്പുരയുടെ സാമൂഹികസാഹചര്യം എങ്ങനെയാണ് എന്ന കാര്യം മാത്രമാണ് ഇവിടെ പരിശോധിക്കുന്നത്. പഴന്തമിഴ്പ്പാട്ടുകളിൽ പറയുന്ന വൻപുല സ്വഭാവത്തിൽ ജീവിച്ചവർ, മീൻപിടിച്ചും ഉപ്പുണ്ടാക്കിവിറ്റും ഉപജീവനം കഴിച്ചിരുന്നവരുടെ കടലോരം കഴിഞ്ഞുള്ള ഏറെ വിസ്തൃതമായ ഉൾക്കാട്ടിലും കാട്ടിലും പുനംകൃഷിചെയ്തും കാലിമേച്ചും നായാടിയും ഉപജീവനം കഴിച്ചിരുന്നവരുടെ സംസ്കൃതിക്ക് ദീർ

ഘലകാലത്തെ ആധിപത്യമുണ്ടായിരുന്ന ഭൂപ്രദേശം, നെൽക്കൃഷിയെ അടിസ്ഥാനമാക്കി കാർഷികസാമൂഹിക രൂപവൽക്കരണം നടക്കുമ്പോഴാണല്ലോ ഗോത്രവർഗങ്ങൾ പലതും ജാതികളായി പരിണമിക്കുക. നെൽക്കൃഷിക്ക് പ്രാധാന്യം കുറഞ്ഞ വേലിയേറ്റപ്രദേശമെന്ന നിലയിൽ അത്തരം പരിണാമങ്ങളുടെ ഗതിയും രീതിയും വടക്കേമലബാറിൽ വ്യത്യസ്തമായിരുന്നു. നമ്പൂതിരി, ഊരാളൻമാരുടെ ഗ്രാമാധിനിവേശം വഴിയുള്ള ബ്രഹ്മസ്വ, ദേവസ്വ ഭൂവുടമസ്ഥതയിലൂടെയല്ലാ, മറിച്ച് നമ്പ്യാന്മാരും കുറുപ്പാരും അടിയോടിമാരും മേനോന്മാരും നായരും വലിയ തറവാട്ടുകാരായി അമ്പലപ്പടിക്കാരും ദേശപ്പടിക്കാരും നാടുവാഴികളും ആയി വളർന്ന പ്രക്രിയയിലൂടെയാണ് അവിടെ ജാതി, ജന്മി, നാടുവാഴി സമ്പ്രദായം ഉണ്ടായത് (രാജൻ ഗുരുക്കൾ).

വളപട്ടണത്തെ പ്രധാനകോവിലായി വടക്കേമലബാർ വാണ കോലത്തിരിയിൽ നിന്നുണ്ടായ മൂന്ന് സ്വരൂപങ്ങളാണ് ചുഴലിയും അള്ളടയും നെര്യോട്ടും. ചുഴലിയും നെര്യോട്ടും വളപട്ടണത്തിന് വടക്കുകിഴക്കാണെങ്കിൽ അള്ളടം വടക്കാണ് സ്ഥിതി ചെയ്യുന്നത്. അള്ളടത്തിന്റെ ഭാഗമായ ഇന്നത്തെ ഹോസ്ദുർഗ് താലൂക്കിന് മറ്റു സ്വരൂപങ്ങളെപ്പോലെ കച്ചവടമാഹാത്മ്യം അവകാശപ്പെടാനില്ല. ഗുണ്ടർട്ടു നിഘണ്ടുവിലും വില്യം ലോഗന്റെ മലബാർ മാനുവലിലും ഇവർ കോലത്തിരിയുടെ സാമന്തർ മാത്രമാണ്. അള്ളടനാട്ടിൽ കാണുക അള്ളോനെയും മന്നനെയും അമർച്ചചെയ്ത് പുതിയ ക്ഷേത്രം (ഭൂപ്രദേശം) പിടിച്ചെടുക്കുന്ന അഭിമാന്യ പ്രഭുക്കാരുടെ വാഴ്ചയും അടക്കവും ആചാരവും അവരെ ഓർമിപ്പിക്കുന്ന ചിഹ്നങ്ങളുമാണ്. ഇവിടെ നേരത്തേ കണ്ട കൃഷിയെയും കച്ചവടത്തെയും നിയന്ത്രിക്കുവാൻ പ്രാപ്തരായ ദേവതകളെക്കാൾ ആവശ്യം ഭൂമിയുടെ മേൽ അധികാരം സ്ഥാപിക്കുന്നതിനുള്ള പടനായകർ തന്നെയാണ്. അതുകൊണ്ടായിരിക്കണം അള്ളട സ്വരൂപത്തിൽ ഒരു മരക്കലത്തമ്മയ്ക്കു പകരം നെടുവിരുപ്പിൽ നിന്നെത്തിയ ക്ഷേത്രപാലനും ബാലുശ്ശേരി കോട്ടതകർത്ത വേട്ടക്കൊരുമകനും മേലൂരിലെ ദയരപ്പനും, വെരജാതനും, പിന്നെ പടുവളത്ത് പരദേവതമാരും ഇടംപിടിക്കുന്നതും പ്രധാനികളായി മാറുന്നതും. വടക്കേമലബാറിൽ നടന്ന ഇത്തരത്തിലുള്ള സാമൂഹിക ക്രമീകരണങ്ങളുടെ ഭാഗമായി ധാരാളം

നായർ തറവാടുകൾ രൂപീകരിക്കപ്പെടുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട തറവാടുകളിൽ ചിലതാണ് കോട്ടയിൽ, കോടോത്ത്, ഏച്ചിക്കാനത്ത് ചിറക്കര, കൂടാളിത്താഴത്ത്, കല്ല്യാട്ട് എന്നിവ. ഇക്കേരിരാജാക്കാരുടെ തെക്കോട്ടുള്ള വരവിനെ തടയാനായി സൈനികർ എന്ന നിലയിലും ഹൈദരാലിയുടെ കാലം മുതൽ തെക്കുനിന്നുള്ള ആക്രമണം ഭയന്ന് അള്ളടത്തും പരിസരത്തുമായി എത്തിച്ചേർന്ന കുടുംബങ്ങൾ നിരവധിയാണ്. വടക്കൻ മലബാറിലെ നായർ അധിനിവേശം തെക്കൻ ഭാഗങ്ങളിൽനിന്ന് വന്നതുപോലെ (കോടോം, കോട്ടയിൽ) വടക്ക് തുളുനാട്ടിൽനിന്നു കടന്നുവന്ന് നായർ ആയ ബണ്ട്ര വിഭാഗക്കാരായിരുന്ന ഏച്ചിക്കാനത്തുകാർ. പുത്തൂരിൽ ഉച്ചലാംപാടി ടൗണിനടുത്തായി ഈ കുടുംബത്തിന് പൂർവികരുള്ളതായി പറയുന്നു.

തുളുനാടൻ പടയാളികളായിരുന്ന ഈ ബണ്ട്രകുടുംബം യുദ്ധകാലത്തും പിന്നീട് വെറ്റിലകൃഷിയിൽ മുഴുകിയിരുന്ന കാലത്ത് വ്യപാരത്തിനായും ഇവിടെയെത്തി. അള്ളടത്ത് ഇവർക്ക് പ്രാധാന്യം ലഭിക്കുന്നതിന് ഒരു ചരിത്രകഥയുണ്ട്. ഒരിക്കൽ മടിയൻകോലോത്തെ ക്ഷേത്രപാലകന്റെ വാൾ, മുസ്ലീമായ ഷെയ്ക്കിന്റെ ആളുകൾ എടുത്തുകൊണ്ടുപോയി. ഇത് അള്ളട രാജാവിനും നായർക്കും കുറച്ചിലായി. വാൾ കണ്ടെത്തി തിരിച്ചുപിടിച്ചത് കോമൻ എന്ന കാരണവരും അനുചരരുമായിരുന്നു. വാൾ രാജാവിനെ ഏൽപ്പിച്ചതോടെ സന്തുഷ്ടനായ ഭരണാധികാരി അക്കാലത്ത് ഏച്ചിൽ മരങ്ങൾ ധാരാളം വളർന്നിരുന്ന വിശാലമായ കിഴക്കൻ പ്രദേശങ്ങൾ പാരിതോഷികമായി നൽകി. ഏച്ചിക്കാനത്ത് താമസം ആക്കിയത്തോടെ ഏച്ചിക്കാനത്ത് ചിറക്കര എന്നറിയപ്പെട്ടു (അള്ളട സ്വരൂപം). പിന്നീട് മടിക്കൈ പ്രദേശങ്ങൾ വെട്ടിപ്പിടിച്ച് ചേർക്കപ്പെട്ടു. ഇത്തരം കൂട്ടിച്ചേർക്കലുകൾ പത്തായപ്പുരകൾ കേന്ദ്രീകരിച്ചാണ് നടന്നിരുന്നത്.

വടക്കേ മലബാറിലെ നായർ സമുദായം മരുമക്കത്തായമാണു പിൻതുടരുന്നത്. അവരുടെ സ്വത്തുവകകൾ മാതൃദായക്രമത്തിലാണ് കൈമാറുന്നത്. ഇത്തരം മരുമക്കത്തായ കൂട്ടുകുടുബങ്ങൾ തറവാട് എന്ന പേരിൽ അറിയപ്പെടുന്നു. തറവാട് എന്ന പദം ആവിർഭവിക്കുന്നത് തറ, പാട്' എന്നീ വാക്കുകളിൽ നിന്നാണ്. മുൻകാലങ്ങളിൽ ഗ്രാമത്തിന്റെ ഒരു ഭാഗമോ,

സിവിലും മിലിട്ടറി ആവശ്യത്തിനുള്ള ഒരു യൂണിറ്റോ ആയിരുന്നു, പിന്നീട് ഇത് power, rank, authortiy എന്നീ അർത്ഥതലങ്ങളിൽ ഉപയോഗിക്കുവാൻ തുടങ്ങി. മധ്യകാലചരിത്രത്തിൽ ആരംഭിച്ച ഈ രീതി പിന്നീട് ബ്രിട്ടീഷ് അധിനിവേശകാലത്തും തുടർന്നുപോന്നു (എം.ടി. നാരായണൻ). നരവംശശാസ്ത്രത്തിന്റെ നോട്ടത്തിൽ തറവാടിനെ നിർണയിക്കുന്നത് വംശം, മരുമക്കത്തായ കുടുംബം, കൂട്ടുകുടുംബവ്യവസ്ഥ, അനുഷ്ഠാനപരവും സമഗ്രവും ഭൂമിശാസ്ത്രപരവുമായ ഘടകം എന്നീ തലങ്ങളിലാണ്.

കാതലിൻ ഗൗ പറയുന്നത് മരുമക്കത്തായം എന്ന സാമൂഹിക വ്യവസ്ഥ ഉരുത്തിരിഞ്ഞുവരുന്നത് തലമുറകളിലൂടെയാണ്. എന്നാൽ മെലിന്റാ മൂറിന്റെ അഭിപ്രായത്തിൽ രക്തബന്ധത്തിൽനിന്നു മാത്രമല്ല, അനുഷ്ഠാനപരമായും ഭൂമിശാസ്ത്രപരമായിട്ടുമുള്ള ബന്ധങ്ങളാണ് ഇതിനു കാരണം ജി. അരുണിമ നിരീക്ഷിക്കുന്നത് തറവാട് ജാതിയുടെയും വർഗത്തിന്റെയും ലൈംഗികതയുടെയും കുടുംബബന്ധത്തിന്റെയും സങ്കീർണമായ ബന്ധങ്ങളാണ് എന്നാണ്. എന്നാൽ ദിനേശൻ വടക്കിനിയുടെ അഭിപ്രായത്തിൽ തറവാട് എന്നത് വിവിധതലത്തിലുള്ള പലമകളുടെ, ബന്ധങ്ങളുടെ കൂടിച്ചേരലുകളാണ്. ആധുനികകാലത്ത് തറവാട് പുതിയ നിർവചനങ്ങളോടുകൂടി അധികാരത്തിന്റെയും സാമൂഹിക ഇടപെടലുകളുടെയും സാന്നിധ്യമറിയിക്കുന്നു. ഇത്തരം ചലനാത്മകമായ ഒരു സ്ഥാപനം നൂറ്റാണ്ടുകളായി സാമൂഹിക സംസ്കാരികതലങ്ങളിൽ തങ്ങളുടെ സംസ്കാരത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കിടയിൽപ്പോലും സാധ്യമാക്കുന്നു. അധികാരത്തിന്റെയും സാമൂഹിക ഇടപെടലുകളുടെയും സാന്നിധ്യമായി പൂർവകാലങ്ങളിൽ നിലനിന്നിരുന്ന, എന്നാൽ സമകാലീനസമൂഹം പ്രത്യക്ഷമായും പരോക്ഷമായും പുനരുല്പാദിപ്പിച്ചുകൊണ്ടേയിരിക്കുന്ന ഒന്നാണ് പത്തായപ്പുര എന്നു നിരീഷണങ്ങളിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. പത്തായപ്പുരയുടെ അധികാരപരിധിയിൽപ്പെട്ട ഭൂനിയമം അനുഷ്ഠാനം തുടങ്ങിയ രൂപങ്ങളെയാണ് ഇവിടെ പഠനവിധേയമാക്കിയിരിക്കുന്നത്. പത്തായപ്പുര എങ്ങനെയാണ് അധികാരബന്ധങ്ങളെ നിർണയിക്കുന്നത് എന്ന് മനസ്സിലാക്കണമെങ്കിൽ പത്തായപ്പുര എന്തൊക്കെ പ്രയോഗങ്ങളാണ് അവലംബിച്ചിരുന്നത് എന്ന് മനസ്സിലാക്കണം.

അധികാരം/ശക്തി എന്ന സങ്കല്പം പലതരത്തിലാണ് വ്യപിച്ചു കിടക്കുന്നത്. ഇവിടെ മിഷൽ ഫൂക്കോയുടെ പവർ എന്ന സങ്കൽപ്പനത്തെ മനസ്സിലാക്കുന്നത് പ്രാക്റ്റീസിലൂടെയാണ്. it looks at practices, not as it in origin, not as in ideology, not as in institution. അതായത്, ഭൂമി, നിയമം, അനുഷ്ഠാനം എന്നിവയുടെ മേലുള്ള നിയന്ത്രണമാണ് പത്തായപ്പുരയിലൂടെ തറവാട് ഉണ്ടാക്കിയെടുത്തുകൊണ്ടിരിക്കുന്നത്. മനുഷ്യനെ ഏതെല്ലാം തരത്തിലൂടെ സബ്ജക്റ്റ് ആക്കി മാറ്റാൻ സാധിക്കുന്നു എന്ന് ഇതിലൂടെ കാണാൻ സാധിക്കും. മറ്റൊരുതരത്തിൽ പറഞ്ഞാൽ സബ്ജെക്റ്റ് ആവുമ്പോൾ അയാൾ എങ്ങനെ പെരുമാറുന്നു, ആ പെരുമാറ്റം നോക്കിയിട്ടാണ് വ്യവസ്ഥയെ പഠിക്കുവാൻ കഴിയുന്നത്.

പറമ്പ പത്തായപ്പുരയ്ക്ക് രണ്ടായിരത്തോളം ഏക്കർ ഭൂമി ഉണ്ടായിരുന്നു. ഈ ഭൂമിയിൽ ആര് കൃഷി ഇറക്കണം, കൃഷിയുടെ രീതി, എവിടെ കൃഷിയിറക്കണം, എപ്പോൾ കൃഷി ഇറക്കണം തുടങ്ങിയ കാര്യങ്ങൾ പത്തായപ്പുരയുടെ മേൽനോട്ടത്തിലാണ് നടന്നിരുന്നത്.

പറമ്പ പത്തായപ്പുരയുടെ കീഴിൽ കുടിയാന്മാർ ഉണ്ടായിരുന്നു. കുടിയാന്മാരുടെ കൈവശമുള്ള ഭൂമിക്ക് പുറമേ തറവാട്ടുവക നേരിട്ട് കൃഷിചെയ്യുന്ന ധാരാളം കൃഷിസ്ഥലങ്ങളും ഉണ്ട്. ഇവയെ ചേരിക്കല്ലുകൾ എന്ന് പറയുന്നു. ഇത്തരം സ്ഥലങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്നത് തറവാട്ടിലെ അംഗങ്ങളാണ്. കാര്യസ്ഥരായിട്ട് മണിയാണി സമുദായക്കാരനുണ്ട്. മാണിയാണികളുടെ കീഴിൽ ധാരാളം കീഴാളകുടുംബങ്ങളുണ്ടായിരുന്നു. ഈ കാര്യസ്ഥവിഭാഗങ്ങളാണ് വിവിധ ജാതിയിൽപ്പെട്ടവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിക്കുന്നത്. പ്രത്യേകിച്ച് മാവിലൻ, വാണിയൻ, തിയ്യൻ തുടങ്ങിയവരെ. പറമ്പ പ്രദേശത്ത് പ്രധാനമായും നെല്ലുൽപ്പാദനവും കുരുമുളകും പുനം കൃഷിയുമായിരുന്നു ഉണ്ടായിരുന്നത്. തദ്ദേശീയവാസികളുടെ ഓർമയിൽ നാണ്യവിളകളായ തെങ്ങ്, കവുങ്ങ് തുടങ്ങിയവയുടെ വരുമാനം തീരെ കുറവായിരുന്നു. പത്തായപ്പുരയുടെ ഭൂമികയിൽ വിവിധ പേരുകളിൽ അറിയപ്പെടുന്ന സ്ഥലനാമങ്ങൾ വടക്കേമലബാറിന്റെ ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. പാറ, ഒറ്റക്കമുങ്ങ്, കാറ്റാൻകവല, കുറ്റിത്താന്നി തുടങ്ങിയവ. ഇവയിൽ പാറപ്രദേ

ശം ചെങ്കൽപ്പരപ്പും ഒറ്റക്കമുങ്ങ് എന്ന് പത്തായപ്പുരയുടെ പരിസരത്തിനെയുമാണ് വിളിച്ചിരുന്നത്. ഇവിടെ ഒരു കമുക് മാത്രമാണ് ഉണ്ടായിരുന്നത് എന്നാണ് പറയുന്നത് (കുഞ്ഞേട്ടൻ). അരച്ചുകൂട്ടാനുള്ള തേങ്ങ മാത്രമേ പത്തായപ്പുരയ്ക്ക് തങ്ങളുടെ പ്രദേശത്തുനിന്നു ലഭിച്ചിരുന്നുള്ളൂ.

പത്തായപ്പുരയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പുനംകൃഷി, നെൽകൃഷി നടന്നുവന്നിരുന്നത്. മലയോരമേഖലയായ കുറ്റിത്താന്നി, കാറ്റാംകവല തുടങ്ങിയ മേഖലകളിൽ പുനംകൃഷിയായിരുന്നു. കാറ്റാംകവലയിൽ പത്തായപ്പുരയ്ക്ക് ഒരു ചിത്താരിയുണ്ടായിരുന്നു. അതായത് നെല്ല് അളന്ന് കൂട്ടിയിടുന്ന സ്ഥലം. വേട്ടുവർ, മാവിലർ തുടങ്ങിയ കീഴാളജനവിഭാഗങ്ങളാണ് ഇത്തരം കൃഷിപ്പണികളിൽ ഏർപ്പെട്ടിരുന്നത്. നെല്ലായിരുന്നു കൂലിയായിട്ട് കൊടുത്തിരുന്നത്. ചിത്താരിയിലുള്ള നെല്ല് തലച്ചുമട് ആയിട്ടാണ് പത്തായപ്പുരയിൽ എത്തിക്കുന്നത്. സാധാരണ യശമാനൻ വരുന്നത് കന്നിമാസത്തിലാണ്. ആ സമയത്താണ് കുരുമുളക് വിളയുന്നത്. പിന്നീടുള്ള സമയങ്ങളിൽ കാര്യസ്ഥരായ മണിയാണികളുടെ നിയന്ത്രണത്തിലായിരുന്നു പറമ്പയുടെ ദൈനംദിനജീവിതങ്ങൾ (തേർ).

കുടിയാന്മാർ കുരുമുളക് തോട്ടങ്ങൾക്ക് പാട്ടപ്രകാരം 2/10 എന്ന അനുപാതത്തിൽ പാട്ടം കൊടുത്തുകൊള്ളണം. ഇതിനർത്ഥം 10 കൊല്ലത്തിനുള്ളിൽ രണ്ടുപ്രാവശ്യം മുഴുവൻ വിളവും ജന്മിക്കു കരസ്ഥമാക്കാം എന്നുള്ളതാണ്. വാരവും പാട്ടവും കൃത്യമായി കൊടുത്തുകൊള്ളണം. വാരം അളവിലോ പാട്ടത്തിലോ വ്യത്യാസം വരാൻ പാടില്ല. അങ്ങനെ വന്നാൽ അടുത്ത വിളയിറക്കാനുള്ള അവകാശം മറ്റൊരാൾക്കായിരിക്കും. കൃഷയിടത്തിന് കൊടുക്കുന്ന വാരത്തിന് പുറമേ ഒരു പൊതിപ്പാടിന് (50 സെന്റ്) കാശ് കൂട്ടിക്കൊടുക്കണം, ഇതു ശീലക്കാശ് എന്നുപറയും. കാലികളെ വളർത്തുന്നതായിരുന്നു മറ്റൊരു തൊഴിൽ, പ്രധാനമായും മാവിലാൻ വിഭാഗക്കാരും വേട്ടുവവിഭാഗക്കാരുമായിരുന്നു ഇവയെ നോക്കേണ്ടത്.

**ആചാരനിയമങ്ങൾ**

വടക്കേമലബാറിൽ കുടിയാനും ജന്മിയും തമ്മിലുള്ള അധി

കാരബന്ധങ്ങൾ മറ്റുപ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. കുടിയാന്റെ വീട്ടിൽ ഒരു കസേരയുണ്ടായിരിക്കണം. വിട്ടുടമസ്ഥന് ഇരിക്കാനല്ല, മറിച്ച് ജന്മിക്കിരിക്കാൻ. കുടിയാന്മാർക്ക് മുട്ടുമറച്ച് മുണ്ടുടുക്കുവാൻ പാടില്ല. ഉടുത്ത മുണ്ട് വെളുത്തതാകാനും പാടില്ല. ജന്മിയെ കാണുമ്പോൾ ചെരുപ്പ് ഊരണം. സ്ത്രീകൾ മാറ് മറയ്ക്കാൻ പാടില്ല. ജന്മികളുടെ അനുവാദം കൂടാതെ കുടിയാന്റെ കുടുംബത്തിൽ വിവാഹമോ, വീടുപുതുക്കാനോ പാടില്ല. കുട്ടികൾക്കു വിദ്യാഭ്യാസം അനുവദിച്ചിരുന്നില്ല. ജന്മി കല്പിക്കുമ്പോൾ ഏതു ജോലിയും ചെയ്യാൻ സന്നദ്ധനായിരിക്കണം. കൂലിയില്ലാത്ത പണിയാണ് ചെയ്യേണ്ടിവരിക, ഇതിനെ ചാക്കിരിപ്പണിയെന്നു പറയും. ഇവർക്ക് ഭക്ഷണം മാത്രമേ കൊടുക്കൂ. ഇത്തരം അധികാരപ്രയോഗങ്ങൾ ഭൂമിയുടെമേലും, പാട്ടത്തിന് എടുക്കുന്ന കുടിയാന്റെ മേലും മാത്രമല്ല, കൃഷിപ്പണിക്കായി ഉപയോഗിക്കുന്ന വേട്ടുവർ, മാവിലർ, തിയ്യർ തുടങ്ങിയ ജാതികളുടെ മേലും നടത്തിയിരുന്നു.

വിവിധങ്ങളായ നാട്ടാചാരങ്ങൾ പാലിക്കാൻ കീഴാള സമൂഹം നിർബന്ധിതരാകാറുണ്ട്. അടിമഭാഷയിൽ മാത്രമേ ജന്മിയോട് സംസാരിക്കാവൂ. വിവിധജാതിക്കാർക്ക് വിവിധ തരത്തിലുള്ള സംബോധനാരീതിയാണ്. ജന്മിയായ നായരെ സാധാരണ നായർ 'യെശമാനൻ' എന്നും, തിയ്യർ, മണിയാണി, വാണിയർ തുടങ്ങിയവർ നായനാർ എന്നും, വണ്ണാൻ, മലയൻ, മാവിലർ തുടങ്ങിയവർ 'തമ്പ്രാൻ' എന്നും, ചെറുമ, പുലയർ, വേട്ടുവർ തുടങ്ങിയവർ 'ഉടയോൻ' എന്നുമാണു വിളിക്കുക. ഇത്തരം സംബോധനകൾ തങ്ങളുടെ അധികാരത്തെയും സാമൂഹ്യമായ മേൽക്കോയ്മയെയും ഊട്ടി ഉറപ്പിക്കുകയാണ്. ഇതു ശീലങ്ങളായി മാറുന്നു. പിന്നീടു വരുന്ന തലമുറകൾക്ക് അതായത് ജാതി വർഗവ്യത്യാസമില്ലാതെ ഏതൊരുവ്യക്തിയെയും തങ്ങളുടെ അധികാരസീമയ്ക്കുള്ളിൽ ഇത്തരം വിളികൾ ശീലങ്ങളാക്കി മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് പത്തായപ്പുരയുടെ പരിസരത്തുനിന്ന് മനസ്സിലാക്കാം.

കുടിയാന്മാർക്ക് ജന്മികളിൽനിന്ന് ചില ആനുകൂല്യങ്ങൾ കിട്ടാറുണ്ടെങ്കിലും കീഴ്ജാതിക്കാർക്ക് അതില്ല. ജന്മിയുടെ അടിമകളായിരുന്നു അവർ. ആവശ്യത്തിലധികം അടിമകളുള്ള ജന്മി

അധികമുള്ളവരെ മറ്റു ജന്മിമാർക്ക് പാട്ടത്തിന് കൊടുക്കാറുണ്ട്. കൃഷികഴിഞ്ഞാൽ അതാത് വർഷം തുലാം പത്തിനകം അവരെ പാട്ടപ്പണത്തോടെ ജന്മിയെ തിരികെ ഏൽപ്പിക്കണം എന്നതാണ് വ്യവസ്ഥ. ഇത്തരം സാമൂഹിക ആചാരങ്ങൾക്കൊണ്ട് ഒരു സമൂഹത്തെ തങ്ങളുടെ വരുതിയിൽ നിർത്താനും കീഴാളജനതകളെ തങ്ങളുടെ ശീലങ്ങളിലൂടെ തങ്ങളുടേതാക്കി നിർത്താനും പ്രത്യക്ഷമായും പരോക്ഷമായും പത്തായപ്പുരയ്ക്ക് സാധിക്കുന്നു.

**അനുഷ്ഠാനം**

പറമ്പ ഗ്രാമത്തിലെ അനുഷ്ഠാനങ്ങൾ നടക്കുന്ന വിശുദ്ധയിടങ്ങൾ നിരവധിയാണ്. അത് കാവായും പള്ളിയറ, മുണ്ട്യ, പതി, തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു. പറമ്പ പ്രദേശത്ത് പത്തായപ്പുരയുടെ തറയിൽ കെട്ടിയാടുന്ന തെയ്യങ്ങൾ നിരവധിയാണ്. ഇതിന്റെ കോയ്മസ്ഥാനം ഏച്ചിക്കാനം തറവാടിനാണ്. അതുപോലെതന്നെ നിരവധി പതികൾ ഈ പ്രദേശത്തുണ്ട്. മാവിലർ, വേട്ടുവർ തുടങ്ങിയ കീഴാളജനവിഭാഗങ്ങളുടെ ആരാധനകേന്ദ്രങ്ങളാണ് പതികൾ. കാവ് ഒരു വൃക്ഷക്കൂട്ടമായോ, പൂങ്കാവനമായോ മാത്രമല്ല, വടക്കേമലബാറിലെ സമൂഹം കാണുന്നത്. മറിച്ച് ഒരു ദേവതാസങ്കേതവുമായിട്ടാണ്. കാവുകൾ ദേവതാസങ്കേതമായി മാറുന്നത് ദേവതകൾ അവിടെ കുടിയിരിക്കുന്നതുകൊണ്ടല്ല; ദേവതമാർക്ക് അവിടെ സ്ഥിരമായ ഇടം ഉള്ളതുകൊണ്ടുമല്ല. മറിച്ച് അവശ്യഘട്ടങ്ങളിൽ അവരെ തോറ്റിയെടുത്തുകൊണ്ടുവന്ന് തെയ്യം ആടിക്കുന്ന സന്ദർഭങ്ങളിലാണ് കാട് കാവും കാവ് വിശേഷാൽ ഓരോ ദേവതമാർക്കുമുള്ള ഇടവുമായി മാറുന്നത്. ഇത്തരം കാവുകളിൽ ബ്രാഹ്മണരുടെ താന്ത്രിക പ്രതിഷ്ഠകൾ ബാധകമല്ല. ഇത്തരം ദേവതകളുടെ ഇടം സ്വതന്ത്രസഞ്ചാരത്തിനു തടസം വരുത്തി അവയെ ബന്ധിക്കണമെന്ന് തോന്നുമ്പോഴാണ് താന്ത്രിക പ്രതിഷ്ഠയുണ്ടാകുന്നത്. ഈ സ്ഥിരതയുറപ്പിക്കൽ ചലനത്തിന്റെ, സ്വതന്ത്രവിചാരത്തിന്റെ തടയിടൽ കൂടിയാണ്. ഇത്തരം തടയിടൽ ആവശ്യമായി വരുന്നത്, സമൂഹത്തിലെ അധീശശക്തികൾക്കാണ്. പക്ഷേ, ഇത് പുനരുല്പാദിപ്പിക്കുന്നത് ഈ അധീശശക്തി കൈയാളുന്നവനെയും അതുണ്ടാക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ പൊരുളെന്തെന്നറിയാ

തെ അതു പരമാർത്ഥമാണെന്ന് വിശ്വസിച്ച് ആ മനോനിലയിൽ ജീവിക്കുന്നവനെയും കൂടിയായിരിക്കും.

പത്തായപ്പുരയുടെ തറയിൽ കെട്ടിയാടുന്ന തെയ്യമാണ് പരദേവതയെന്ന വിഷ്ണുമൂർത്തി. പറമ്പദേശത്തിന്റെ പരദേവതയായ പറമ്പിൽചാമുണ്ഡി പത്തായപ്പുരയിൽ നിന്ന് പുറപ്പെട്ട് കാവിൽ ചെല്ലുകയും പിന്നീട് ഉച്ചയോടെ പരദേവതയുമായി ആചാരവണക്കം നടത്തുകയും ചെയ്യുന്നു. പത്തായപ്പുരയുടെ തറയിൽ ഗുളികൻ, മടന്തമ്മ, രക്തചാമുണ്ഡി, ഈശ്വര തെയ്യം, വീരൻ തെയ്യം എന്നീ തെയ്യങ്ങൾ കെട്ടിയാടുന്നുണ്ട്. മാവില മലയസമുദായക്കാരാണ് ഇത് കെട്ടിയാടുന്നത്. പത്തായപ്പുരയിൽ കെട്ടിയാടുന്ന തെയ്യങ്ങൾ ഏച്ചിക്കാനം തറവാടിന് കോയ്മയാക്കി വിളിച്ചുപറയുന്നത് ചിറക്കരവാണവർ എന്നും ഏച്ചിക്കാനത്തെയും ആയിരത്തോർ യെന്ന് മണിയാണികളെയും തെയ്യം വിളിച്ച് അഭിസംബോധന ചെയ്യുന്നുണ്ട്. ഇതു വെളിവാകുന്നത് ഏച്ചിക്കാനം തറവാട് എന്ന സ്ഥാപനത്തിന്റെ അധികാരപരിധിയുടെ കോയ്മകൾ അനുഷ്ഠാനങ്ങളിലൂടെ പ്രകടമാകുന്നു എന്നതാണ്.

പറമ്പദേശത്തിൽ മാവിലരുടെയും വേട്ടുവരുടെയും അനുഷ്ഠാനയിടങ്ങളാണ് പതികൾ. പറമ്പ ദേശത്ത് ഏഴോളം പതികൾ അനുഷ്ഠാനകർമങ്ങൾ ചെയ്യുന്നുണ്ട്. ഇതിൽ പ്രധാനം വേട്ടുവരുടെ മോതിരം പതിയാണ്. വളരെ വിസ്തൃതവും അനുഷ്ഠാനപരമായി പ്രത്യേകത ഉള്ളതുമാണ്. ഒരു തിണ്ണകെട്ടി അതിൽ തിരുവായുധം കൊണ്ടുവെച്ചും തെയ്യം നടത്തുവർ മുതിർച്ച വെച്ച് തെയ്യക്കാരൻ പ്രാർഥിച്ച് തോറ്റിയെടുത്ത വിശ്വാസം സ്വയം അർപ്പിച്ചും തീർത്തെടുക്കുന്നതാണ്. ഇവിടെ പ്രധാനമായും പൊട്ടൻ തെയ്യം, കരിഞ്ചാമുണ്ഡി, പഞ്ചുരുളി, പറമ്പിൽചാമുണ്ഡി, ഗുളികൻ, കുറത്തി തുടങ്ങിയ തെയ്യക്കോലങ്ങൾ ഇവിടെ കെട്ടിയാടുന്നുണ്ട്. വേട്ടുവർ സമുദായത്തിന്റെ പതിയായ മോതിരം പതിയിൽ തെയ്യം തുടങ്ങുന്നതിനുമുമ്പ് ആചാരപ്രകാരം പത്തായപ്പുരയിൽ നിന്നു വിളക്കും നിവേദ്യവും കൊണ്ടുവരുന്നതോടെ തെയ്യങ്ങൾ ആരംഭിക്കുകയും ചെയ്യും. ഇവിടെ കെട്ടുന്ന പറമ്പിൽചാമുണ്ഡി തെയ്യക്കോലവുമായി പത്തായപ്പുരയുടെ തറയിൽ പോയി അനുഗ്രഹം തേടുകയും അവിടെ കെട്ടിയാടുകയും ചെയ്യുന്നു. തിരിച്ചുവന്ന് മോതിരം പതിയിൽ അനുഗ്രഹം കൊടുക്കുന്നു. ഇതിൽനിന്നും മനസ്സിലാ

കുന്നത് പത്തായപ്പുര തങ്ങളുടെ കോയ്മസ്ഥാനം പത്തായപ്പുരയുടെ തറയിൽ മാത്രമല്ല, മറ്റു കീഴാളജനവിഭാഗങ്ങളുടെ അനുഷ്ഠാനരൂപങ്ങളിൽപ്പോലും അധീശത്വം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നാണ്. ഈ തെയ്യങ്ങൾ കെട്ടിയാടുന്നത് മാവിലർ സമുദായത്തിൽപ്പെട്ടവരാണ്.

വടക്കേമലബാറിൽ തറവാടുകൾ പലവിധത്തിൽ തങ്ങളുടെ അധികാരക്കോയ്മ നിലനിർത്തുവാൻ ശ്രമിക്കുന്നു. സമകാലിക സമൂഹത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ തറവാടിന്റെ സ്ഥാനപ്പേരുകൾ വിളിക്കുകയോ നേരിട്ട് ഇടപെടുകയോ ചെയ്തുകൊണ്ട് തെയ്യങ്ങളുടെയിടയിൽ ഇന്നും തങ്ങളുടെ സ്ഥാനം പുനരുല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിന് പത്തായപ്പുരകൾ ഒരു ഉപകരണമാകുന്നു.

## ഗ്രന്ഥസൂചി

കണ്ണൻ, വൈ.വി., 2014 *തെയ്യങ്ങളും അനുഷ്ഠാനങ്ങളും ഒരു പഠനം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കോടോത്ത്, അജയകുമാർ, 2021 *ഗാന്ധിയൻ കമ്യൂണിസ്റ്റിനൊപ്പം അരനൂറ്റാണ്ട്,* കറന്റ് ബുക്സ്, തൃശ്ശൂർ.

കോമത്ത്, രാജേഷ് 2013 *നാട്ടുദൈവങ്ങൾ സംസാരിച്ചുതുടങ്ങുമ്പോൾ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഗണേഷ്, കെ. എൻ., 2014 'പ്രാദേശികചരിത്രത്തിന്റെ സാധ്യതകൾ' കെ കെ മുഹമ്മദ്, അബ്ദുൽ സത്താർ (എഡിറ്റർ) *മാപ്പിള കീഴാള പഠനങ്ങൾ*, വചനം ബുക്സ്, കാലിക്കറ്റ്.

നായർ, ബാലകൃഷ്ണൻ, എം., 2018 *നിലേശ്വരം-അള്ളട സ്വരൂപം പൈതൃക ചരിത്രവും കാസർകോഡിന്റെ തുളുമിശ്രസംസ്കൃതിയും,* എം. ബുക്സ്, നിലേശ്വരം.

പണിക്കർ, കെ. എൻ., 2007 'പ്രദേശം രാഷ്ട്രം ലോകം പ്രാദേശികചരിത്രരചനയ്ക്കൊരാമുഖം', *പ്രദേശം രാഷ്ട്രം ലോകം കടത്തനാടിന്റെ സാഹിത്യപരാമ്പര്യം*, (കടത്തനാട്ട് ജനസംസ്കാര പഠനകേന്ദ്രം), കറന്റ് ബുക്സ്, കോട്ടയം.

മാധവൻ, കെ. 2016 *ഒരു ഗാന്ധിയൻ കമ്യൂണിസ്റ്റിന്റെ ഓർമകൾ,* പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

വടക്കിനിയിൽ, ദിനേശൻ, 2014 *അനുഷ്ഠാനം കാലം സമൂഹം,* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയ.

Foucault, Michel, 1994 P*ower Essential works of Foucault 1954-1984* Vol. 3, Penguin, India.

Narayanan, M.T., 2003 *Agrarian relations in late medieval Malabar,* Northern Book Centre, New Delhi.

Taylor, Dianna (Ed.), 2012 *Michel Foucault Key Concepts*, Rawat Publications, Durham.

georgeantonykkd@gmail.com
komathrajesh@gmail.com